**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 159** **27-01-2026 - ൽ മറുപടിയ്ക്ക്**

**കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ.എ.എസ്.പി), കാരുണ്യ ബനവലന്റ് ഫണ്ട് എന്നിവ പ്രകാരം ചികിത്സയ്ക്ക് ലഭിക്കുന്ന പരമാവധി ധനസഹായം എത്ര രൂപ വീതമാണ്; | (എ) | കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി (കെ.എ.എസ്.പി) പ്രകാരം ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷം ചികിത്സയ്ക്ക് ലഭിക്കുന്ന പരമാവധി തുക 5 ലക്ഷം രൂപയാണ്. ഇത് പദ്ധതിയുടെ ആരോഗ്യ ആനുകൂല്യ പാക്കേജുകൾക്ക് അനുസൃതമായി പണരഹിതമായ പദ്ധതിയിലൂടെ എംപാനൽ ചെയ്ത സർക്കാർ -സ്വകാര്യ ആശുപത്രികൾ വഴിയാണ് ലഭ്യമാകുന്നത്.<br><br>കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ഒരു കുടുംബത്തിന് ചികിത്സയ്ക്ക് ലഭിക്കുന്ന ധനസഹായം 2 ലക്ഷം രൂപയാണെങ്കിലും വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 1 ലക്ഷം രൂപയുടെ ചികിത്സാനുകൂല്യങ്ങൾ കൂടി രോഗികൾക്ക് അധികമായി ലഭിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും, എവിടെയാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നുമുള്ള വിശദാംശങ്ങൾ നൽകാമോ; | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി, കാരുണ്യ ബെനവലന്റ് പദ്ധതി, എന്നീ പദ്ധതികൾ വഴി ചികിത്സാ സഹായം ലഭിക്കുന്നതിനായി ചുവടെ പരാമർശിക്കുന്ന രേഖകൾ സഹിതം എംപാനൽ ചെയ്യപ്പെട്ടിട്ടുള്ള ആശുപത്രികളിൽ പ്രവർത്തിക്കുന്ന കാസ്പ് കിയോസ്കുകളെ സമീപിക്കാവുന്നതാണ്. 2018-19 സാമ്പത്തിക വർഷം വരെ RSBY, CHIS, CHIS Plus എന്നീ പദ്ധതികളിൽ അംഗത്വമുണ്ടായിരുന്ന സജീവ കുടുംബങ്ങളാണ് കാസ്പ് പദ്ധതിയുടെ ഗുണഭോക്താക്കൾ. കാസ്പ് അംഗത്വമില്ലാത്ത വാർഷിക വരുമാനം 3 ലക്ഷം രൂപയ്ക്ക് താഴെ വരുന്ന തദ്ദേശീയരായ ആദായ നികുതിദായകരോ കേന്ദ്ര/ സംസ്ഥാന സർക്കാർ ജീവനക്കാരോ അല്ലാത്ത കുടുംബങ്ങളിൽ ഉൾപ്പെടുന്നവരാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ഗുണഭോക്താക്കൾ. കാരുണ്യ ആരോഗ്യ സുരക്ഷ പദ്ധതി പ്രകാരം ചികിത്സ ലഭിക്കുന്നതിന് റേഷൻ കാർഡ്, ആധാർ |

| | | | |
|---|---|---|---|
| | | | കാർഡ്, 2018-19 വരെ പുതുക്കിയ RSBY, CHIS, CHIS പ്ലസ് കാർഡ് എന്നിവ സമർപ്പിക്കേണ്ടതാണ്.<br><br>കാരുണ്യ ബെനവെലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സ ലഭിക്കുന്നതിന് റേഷൻ കാർഡ്, ആധാർ കാർഡ്, വരുമാന സർട്ടിഫിക്കറ്റ്/ സത്യവാങ്മൂലം എന്നീ രേഖകൾ സമർപ്പിക്കേണ്ടതാണ്. |
| (സി) | പ്രസ്തുത പദ്ധതികൾ പ്രകാരം മണലൂർ മണ്ഡലത്തിൽ നടപ്പ സർക്കാരിന്റെ കാലത്ത് എത്ര പേർക്ക് എത്ര രൂപയുടെ സഹായം ലഭിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ? | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP),കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) എന്നിവയുടെ ഗുണഭോക്താക്കളുടെ വിവരങ്ങൾ നിലവിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ (SHA) ഡാറ്റാബേസിൽ നിയമസഭാ മണ്ഡലം അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മണലൂർ മണ്ഡലം ഉൾപ്പെടുന്ന തൃശ്ശൂർ ജില്ലയിൽ നടപ്പ് സർക്കാരിന്റെ കാലയളവിൽ ഈ പദ്ധതികൾ പ്രകാരം ചികിത്സാ സഹായം ലഭിച്ച ഗുണഭോക്താക്കളുടെയും ക്ലെയിം ചെയ്ത തുകയുടെയും വർഷം തിരിച്ചുള്ള വിവരങ്ങൾ (01.01.2026 വരെയുള്ള കണക്കുകൾ പ്രകാരം) അനുബന്ധമായി ചേർത്തിരിക്കുന്നു . |

സെക്ഷൻ ഓഫീസർ

അനുബന്ധം-1

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ക്ലെയിമുകളുടെ എണ്ണം | ക്ലെയിമായി നൽകിയ തുക(രൂപയിൽ ) |
|---|---|---|---|
| 2021-22 | 24411 | 83,393 | 70,28,76,641 |
| 2022-2023 | 35969 | 67,568 | 94,13,42,658 |
| 2023-2024 | 31132 | 55,965 | 86,41,49,237 |
| 2024-2025 | 29111 | 51,479 | 78,69,15,853 |
| 2025-2026 | 22200 | 40,365 | 59,23,65,857 |

## കാരുണ്യ ബെനവലന്റ് ഫണ്ട്

| സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ക്ലെയിമുകളുടെ എണ്ണം | ക്ലെയിമായി നൽകിയ തുക(രൂപയിൽ ) |
|---|---|---|---|
| 2021-2022 | 1256 | 12,478 | 7,82,93,412 |
| 2022-2023 | 1,886 | 6,921 | 11,92,38,919 |
| 2023-2024 | 1,848 | 5,930 | 11,92,67,898 |
| 2024-2025 | 1,643 | 5,197 | 10,04,38,002 |
| 2025-2026 | 1,408 | 5,206 | 7,33,75,785 |

സെക്ഷൻ ഓഫീസർ